## 1. മധ്യപൗരസ്ത്യ ദേശം

മാനവരാശിയെ അഗാധമായി സ്വാധീനിച്ച നിരവധി മത ദർശനങ്ങളുടെ വിളഭൂമിയാണ് മധ്യപൗരസ്ത്യ ദേശം. ഇസ്‌ലാമിക സന്ദേശത്തിന്റെ വ്യാപനത്തിനും പ്രസ്തുത പ്രദേശം വളരെവേഗം വിധേയമായി.

ഹി. ആറാം വർഷം ഹുദൈബിയ്യഃ സന്ധിയെത്തുടർന്നുളവായ സമാധാനാന്തരീക്ഷത്തിൽ അറേബ്യക്ക് പുറത്തുള്ള രാജാക്കന്മാരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് നബി കത്തുകളയച്ചിരുന്നു. ദിഹ്‌യതുൽ കൽബി മുഖേന റോമിലെ കൈസറിനും അബ്ദുല്ലാഹിബ്നു ഹുദാഫതസ്സഹ്മി വശം ഇറാനിലെ ഖുസ്രു പർവേസ് ഷായ്ക്കും ഹഃ ഹാത്വിബുബ്നു അബീ ബൽതഅഃ വഴി ഈജിപ്തിലെ മുഖൗഖിസിനും അംറുബ്നു ഉമയ്യഃ വഴി എത്യോപ്യയിലെ നജ്ജാശിക്കും അയച്ച കത്തുകൾ അക്കൂട്ടത്തിൽ പെടുന്നു. തന്റെ കാലത്ത് തന്നെ ഇസ്‌ലാമിന്റെ സന്ദേശം അറേബ്യയുടെ അതിർത്തിക്കപ്പുറമെത്തിക്കുന്നതിൽ പ്രവാചകൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നുവെന്നതിന് ഈ സംഭവങ്ങൾ സാക്ഷ്യം വഹിക്കുന്നു.

ഇസ്‌ലാമിന്റെ ഉദയഘട്ടത്തിലെ രണ്ട് വൻ ശക്തികളായിരുന്നു പേർഷ്യയും റോമും. ഇസ്‌ലാം അറേബ്യയിൽ ശക്തി പ്രാപിച്ചുകൊണ്ടിരിക്കെ പേർഷ്യയും റോമും ഏഷ്യയിലെയും ആഫ്രിക്കയിലെയും ചെറു രാജ്യങ്ങളെ ആക്രമിച്ച് കീഴടക്കുന്നതിൽ പരസ്പരം മത്സരിക്കുകയായിരുന്നു. ആളും ആയുധവും വിഭവങ്ങളുമൊക്കെ താരതമ്യേന കുറവായിരുന്നിട്ടും ആദർശത്തിന്റെയും വിശ്വാസത്തിന്റെയും പിൻബലത്താൽ ഇസ്‌ലാമിന്റെ ശക്തിയും സ്വാധീനവും നാൾക്കുനാൾ വർധിച്ചു വരുന്നത് ഈ വൻ ശക്തികൾക്ക് സഹിക്കാൻ കഴിയുന്നതിലപ്പുറമായിരുന്നു. ഇതിൽനിന്നുളവായ രാഷ്ട്രീയ കാരണങ്ങളാലാണ് നബിക്ക് തന്റെ ജീവിതാന്ത്യത്തിൽ തബൂക്, മുഅ്തഃ പ്രദേശങ്ങളിലേക്ക് സൈന്യത്തെ നിയോഗിക്കേണ്ടിവന്നത്.

ദൈവദൂതന്റെ ദേഹവിയോഗത്തെത്തുടർന്ന് ഹഃ അബൂബക്ർ ഖലീഫഃയായി. ഉസാമതുബ്നു സൈദിന്റെ നേതൃത്വത്തിൽ സിറിയൻ അതിർത്തിയിലേക്ക് നബി നിയോഗിച്ചിരുന്ന സൈന്യത്തെ അങ്ങോട്ടയക്കാൻ അബൂബക്ർ തീരുമാനിച്ചു. റോമക്കാർക്കെതിരെ പടപൊരുതുകയായിരുന്നു ലക്ഷ്യം. സിറിയയും പേർഷ്യയും ഉത്തരാഫ്രിക്കയും ഇസ്‌ലാമിന്റെ വരുതിയിൽ വന്ന വിസ്മയകരമായ ഒരു ജൈത്രയാത്രയുടെ തുടക്കമായിരുന്നു അത്.

മനുഷ്യ സംസ്കൃതിയുടെ ചരിത്രം പഠിക്കുന്ന ഏവരെയും അദ്ഭുതപ്പെടുത്തുന്ന ഒരു പ്രതിഭാസമായിരുന്നു ഇസ്‌ലാമിന്റെ വ്യാപനവും വികാസവും. അവിശ്വസനീയമാംവിധം ഹ്രസ്വമായ ഒരു കാലയളവിൽ ലോകം കണ്ട ഏറ്റവും വലിയ സാമ്രാജ്യം സ്ഥാപിക്കുന്നതിൽ ഇസ്‌ലാമിക വിശ്വാസം വഹിച്ച പങ്ക് വിവരണാതീതമാണ്.

ഈ മുന്നേറ്റങ്ങൾക്കൊക്കെ നിമിത്തമായത് ആദ്യകാല വിശ്വാസികളുടെ മാതൃകാ ജീവിതവും ഖലീഫഃമാരുടെ നീതിനിഷ്ഠമായ ഭരണവും ജീവിത ലാളിത്യവുമാണ് എന്ന കാര്യം മറക്കാൻ കഴിയില്ല. ഇസ്‌ലാമിന്റെ വ്യാപനത്തിൽ അവ മുഖ്യ പങ്ക്‌വഹിക്കുകയുണ്ടായി. സർ തോമസ് ആർനോൾഡിനെപ്പോലുള്ള ഓറിയന്റലിസ്റ്റ് പണ്ഡിതന്മാർ ഇക്കാര്യം എടുത്തു പറഞ്ഞിട്ടുണ്ട്.

സിറിയ, ഫിലസ്ത്വീൻ, ജോർദാൻ, ഇറാൻ, ഇറാഖ് തുടങ്ങിയ മധ്യപൗരസ്ത്യ ദേശത്തെ മിക്ക നാടുകളും ഖിലാഫതുർറാശിദഃയുടെ കാലത്ത് തന്നെ ഇസ്‌ലാമിക ഭരണത്തിന് കീഴിൽ വന്നു. യമൻ നബിയുടെ കാലത്ത് തന്നെ ഇസ്‌ലാമിക ഭരണത്തിന്റെ ഭാഗമായിരുന്നു. ഇസ്‌ലാമിക വ്യവസ്ഥയുടെ വരുതിയിൽ വന്ന നാടുകളിലെ ജനങ്ങളധികവും അതിനെ ഒരു വിമോചന പ്രസ്ഥാനമായി വരവേൽക്കുകയാണുണ്ടായത്.

സിറിയ, ഈജിപ്ത്, ഫിലസ്ത്വീൻ തുടങ്ങിയ നാടുകൾ അക്കാലത്ത് റോമക്കാരുടെ കിരാത ഭരണത്തിലായിരുന്നു. അവിടത്തെ ജനങ്ങൾ ക്രിസ്ത്യാനികളായിരുന്നിട്ടും ക്രൈസ്തവ റോം അടിമകളോടെന്നപോലെയാണ് അവരോട് പെരുമാറിയിരുന്നത്. ഇറാഖീ ജനതയെ പേർഷ്യൻ ഭരണകൂടം നിരന്തരം പീഡിപ്പിച്ചിരുന്നു. പ്രസ്തുത സന്ദർഭത്തിൽ അറബി മുസ്‌ലിംകളുടെ ആഗമനം തദ്ദേശീയർക്ക് വർധിച്ച ആഹ്ലാദമുളവാക്കുന്ന സംഗതിയായാണ് അനുഭവപ്പെട്ടത്. ഈ നാടുകൾ കീഴടക്കാൻ മുസ്‌ലിംകൾക്ക് തദ്ദേശീയരുടെ നിർലോഭമായ സഹായവും സഹകരണവും ലഭിച്ചു. തങ്ങൾ കീഴടക്കിയ നാടുകളിലെ ജനങ്ങൾക്ക് അവരുടെ പഴയ വിശ്വാസങ്ങളും ആചാരാനുഷ്ഠാനങ്ങളും തുടരുന്നതിന് എല്ലാവിധ സ്വാതന്ത്ര്യവും മുസ്‌ലിം ഭരണാധികാരികൾ നല്കിയിരുന്നു. അതോടൊപ്പം ഇസ്‌ലാം സ്വീകരിക്കുക വഴി ഉണ്ടാകാവുന്ന ഇഹപര മോക്ഷത്തെക്കുറിച്ച് അവരെ ഉദ്ബോധിപ്പിക്കുകയും ചെയ്തു. അതിന്റെ ഫലമായി ബഹുഭൂരിപക്ഷം പേരും ഇസ്‌ലാം ആശ്ലേഷിക്കുകയാണുണ്ടായത്.

മുസ്‌ലിംകൾ കീഴടക്കിയ പ്രദേശങ്ങളിൽ ഒരിടത്തും മതത്തിന്റെയോ വിശ്വാസത്തിന്റെയോ പേരിൽ ആരെയും പീഡിപ്പിക്കുകയോ മർദിക്കുകയോ ചെയ്തിട്ടില്ല. ആരുടെയും മതചിഹ്നങ്ങളെ അനാദരിച്ചുമില്ല. വ്യക്തിനിയമങ്ങളിൽ കൈകടത്തിയിരുന്നുമില്ല. പക്ഷപാതരഹിതവും നീതിനിഷ്ഠവുമായ സമീപനമാണ് ഇസ്‌ലാമിക ഭരണത്തിൽ തെളിഞ്ഞു നിന്നിരുന്നത്. മുസ്‌ലിം പ്രജകളുടെ ജീവിതവും ഏറക്കുറേ മാതൃകാപരമായിരുന്നു. ഈ വക കാരണങ്ങളാൽ മുസ്‌ലിംകൾ ജയിച്ചടക്കിയ പ്രദേശങ്ങളിലെ ജനങ്ങളധികവും സ്വമേധയാ ഇസ്‌ലാം സ്വീകരിക്കുവാൻ മുന്നോട്ട് വന്നു. ഇസ്‌ലാമിൽ വരാതെ അതത് പ്രദേശങ്ങളിൽ കഴിഞ്ഞുകൂടിയിരുന്ന ഇതര ജനവിഭാഗങ്ങൾക്കും മുസ്‌ലിം ഭരണാധികാരികളെക്കുറിച്ച് ഒരാക്ഷേപവും ഉണ്ടായിരുന്നില്ല. അഥവാ തെളിയിക്കാവുന്ന വല്ല ആക്ഷേപവും ഉയർന്നിരുന്നെങ്കിൽ ഖലീഫഃ അവർക്കെതിരെ നടപടി സ്വീകരിക്കുമായിരുന്നു. രണ്ടാം ഖലീഫഃ ഉമറിനെ, ഉമറുൽ ഫാറൂഖ് (നീതിമാനായ ഉമർ) എന്ന് ആദ്യമായി വിളിച്ചത് ഇസ്‌ലാമിക രാഷ്ട്രത്തിലെ അമുസ്‌ലിം ന്യൂനപക്ഷമായ ക്രിസ്ത്യാനികളായിരുന്നുവെന്നത് സ്മരണീയമത്രെ. അക്കാലം മുതലിങ്ങോട്ട് ഇസ്‌ലാമിക ചൈതന്യം മധ്യപൗരസ്ത്യ ദേശത്ത് ഇടതടവില്ലാതെ നിലനിന്നുപോന്നു. പിന്നീടൊരിക്കലും ഇസ്‌ലാം അവിടങ്ങളിൽനിന്ന് വേരറ്റ് പോയിട്ടില്ല. ഇന്നും ഇസ്‌ലാമിന്റെ ശക്തികേന്ദ്രം മധ്യപൗരസ്ത്യ ദേശം തന്നെയാണ്.

നാലാം ഖലീഫഃ അലി(40/661)യുടെ വിയോഗത്തോടെ ഇസ്‌ലാമിക ചരിത്രത്തിൽ കുടുംബവാഴ്ചയിലധിഷ്ഠിതമായ രാജഭരണത്തിന്റെ കാലഘട്ടം ഉദയം ചെയ്തു. നബിതിരുമേനി നട്ടുവളർത്തി, ഖുലഫാഉർറാശിദുകളുടെ സംരക്ഷണത്തിൽ പടർന്നുപന്തലിച്ച ഇസ്‌ലാമിക വ്യവസ്ഥിതിയുടെ സ്വാഭാവികമായ വ്യാപനത്തിന് രാജഭരണാരംഭത്തോടെ അല്പം മങ്ങലേല്ക്കുകയുണ്ടായി. നബിയും സച്ചരിതരായ ഖലീഫഃമാരും പിന്തുടർന്ന ഉന്നത ഗുണവിശേഷങ്ങൾ-കറകളഞ്ഞ നീതി, സത്യസന്ധത, ആത്മാർഥത, വിശ്വസ്തത, വിനയം, രാഷ്ട്രത്തിന്റെ സമ്പത്തെന്നപോലെ ഭരണവും അമാനതാണെന്ന ബോധം, കൂടിയാലോചന, സർവോപരി ദൈവഭയം എന്നിവ- ഭരണകൂടത്തിന്റെ അടിത്തറയായി പരിലസിച്ചു. ഇസ്‌ലാമിക സംസ്കൃതിയിലേക്ക് ദ്രുതഗതിയിൽ ജനം കടന്നു വരുന്നതിന് ഈ സാഹചര്യം നിമിത്തമായിട്ടുണ്ട്. വാളോ യുദ്ധമോ, നിർബന്ധമോ ഒരിക്കലും ഈ പ്രചാരണത്തിന് കാരണമായിരുന്നില്ല. ഇസ്‌ലാമിക ആദർശത്തിന്റെ മേന്മയും മുസ്‌ലിംകളുടെ ജീവിത മാതൃകയുമായിരുന്നു ജനകോടികളെ ഇസ്‌ലാമിലേക്കാകർഷിച്ചത്.

ഹി. 40 മുതൽ 132 വരെ അറേബ്യയിലും മധ്യപൗരസ്ത്യ ദേശത്തും ഉമവീ വാഴ്ചയാണ് നിലനിന്നത്. 92 വർഷം നീണ്ട ഈ ഭരണം കുറഞ്ഞ ഇടവേളയൊഴിച്ചാൽ ആദ്യകാല ഖലീഫഃമാരുടേതിൽനിന്ന് വ്യത്യസ്തമായ ശൈലിയിലായിരുന്നു. ഇസ്‌ലാമിക രാഷ്ട്രത്തിൽ അനഭിലഷണീയമായ പല മാതൃകകളും ഇക്കാലത്ത് സൃഷ്ടിക്കപ്പെട്ടു. എന്നാൽ പ്രസ്തുത കാലയളവിൽ സാമ്പത്തിക സൈനിക രംഗങ്ങളിൽ വമ്പിച്ച മുന്നേറ്റങ്ങളുമുണ്ടായി. മുസ്‌ലിംകൾ ആഫ്രിക്കയുടെ ഉൾപ്രദേശങ്ങളിലേക്ക് കടന്നുചെന്ന് അവിടം കീഴടക്കിയത് ഇക്കാലത്താണ്.

ഭരണം രാജവാഴ്ചയിലേക്ക് വഴിമാറിയെങ്കിലും ഏറക്കുറേ ജനാഭിപ്രായം മാനിക്കപ്പെടുകയും ഭരണാധികാരികൾ

ജനക്ഷേമകരമായ പല നടപടികളും സ്വീകരിക്കുകയും ചെയ്തുപോന്നു. ഒരു പരിധിവരെ നീതിനിർവഹണവും നടന്നിരുന്നു. ഭരണകൂടത്തിൽ പല പദവികളിലും അന്യമതസ്ഥർക്ക്- ജൂതന്മാർക്കും ക്രിസ്ത്യാനികൾക്കും - കാര്യമായ സ്ഥാനങ്ങൾ നല്കിയിരുന്നു. ഹി. 99-101 വരെ ഉമർ രണ്ടാമന്റെ കാലത്ത് ഇസ്‌ലാമിക പ്രബോധനത്തിന് കാര്യമായ ഊന്നൽ നല്കുകയും പ്രസ്തുത ആവശ്യാർഥം ധാരാളം പേരെ നിയോഗിക്കുകയും ചെയ്തു. അതേത്തുടർന്ന് നിരവധി പേർ ഇസ്‌ലാം സ്വീകരിച്ചു. ഖുറാസാനിൽ പതിനായിരക്കണക്കിന് ആൾക്കാർ ഇക്കാലത്ത് ഇസ്‌ലാമിലേക്ക് കടന്നുവരികയുണ്ടായി. ആഫ്രിക്കയിലെ ബർബറി ജനത ഏറക്കുറേ പൂർണമായിത്തന്നെ ഇസ്‌ലാമിലേക്ക് വന്നത് ഇക്കാലത്താണ്.

ഉമവീ കാലഘട്ടത്തിൽ ഭരണകൂടത്തിന്റെ തണലിലല്ലാതെയും പല നാടുകളിലും ധാരാളം പേർ ഇസ്‌ലാം സ്വീകരിച്ചുകൊണ്ടിരുന്നു. ഇസ്‌ലാമിക വിജ്ഞാനീയങ്ങളിൽ അഗാധ പാണ്ഡിത്യം നേടിയ നിരവധി സ്വഹാബിവര്യന്മാരുടെ പരിശ്രമങ്ങൾ ഇവയ്ക്ക് പിന്നിലുണ്ടായിരുന്നുവെന്നത് നിസ്തർക്കമാണ്.

അബ്ദുല്ലാഹിബ്നു അബ്ബാസ്, അബ്ദുല്ലാഹിബ്നു ഉമർ, ആഇശഃ, അബൂഹുറയ്റഃ, അനസുബ്നു മാലിക് തുടങ്ങിയ സ്വഹാബി പണ്ഡിതന്മാരും ഹസനുൽ ബസ്‌രി, ഉർവതുബ്നുസ്സുബൈർ, സഈദുബ്നുൽ മുസയ്യിബ്, ഇമാം ജഅ്ഫർ, ഖതാദഃ, സുഹ്‌രി, ശഅ്ബി, മുജാഹിദ്, സ്വാദിഖ് തുടങ്ങിയ പണ്ഡിതന്മാരും ഇസ്‌ലാമിക പ്രബോധനത്തിനും വിവിധ വൈജ്ഞാനിക മേഖലകളുടെ പ്രചാരണത്തിനും ഊന്നൽ നല്കിക്കൊണ്ട് ജനങ്ങൾക്ക് ശരിയായ ഇസ്‌ലാമിക ബോധനം നല്കുന്നതിൽ ശ്രദ്ധിച്ചിരുന്നു. ഇസ്‌ലാമിക വിജ്ഞാനശാഖകൾക്ക് വ്യവസ്ഥാപിതത്വം കൈവരികയും അവയുടെ അടിത്തറ ഭദ്രമാവുകയും ചെയ്തത് ഈ കാലഘട്ടത്തിലാണ്. ക്രി. 634 മുതൽ 750 വരെയുള്ള കാലഘട്ടത്തെ ചരിത്രകാരന്മാർ ഇസ്‌ലാമിക സംസ്കാരത്തിന്റെ ശിലാസ്ഥാപന കാലഘട്ടമായി പരിഗണിക്കുന്നു.

ഉമവികളെത്തുടർന്ന് അബ്ബാസികൾ അധികാരത്തിൽ വന്നു (750-1258/132-656). ഏകദേശം അഞ്ച് നൂറ്റാണ്ടു നീണ്ടുനിന്ന അബ്ബാസീ ഭരണകാലത്ത് നിരവധി വൈജ്ഞാനിക-ചിന്താസരണികൾ ഉടലെടുത്തു. ഖലീഫഃമാർ പലരും അതിൽ നേരിട്ട് പക്ഷം ചേരുകയും ചെയ്തിരുന്നു. ബഗ്ദാദ് ആയിരുന്നു അബ്ബാസികളുടെ ഭരണകേന്ദ്രം. മുസ്‌ലിം നാഗരികതയുടെ സുവർണ കാലമായിരുന്നു അത്. പുതിയ പ്രദേശങ്ങളൊന്നും പിടിച്ചടക്കിയില്ലെങ്കിലും സാമ്രാജ്യം വളരെ വിശാലമായിരുന്നു. പല പുതിയ ജനവിഭാഗങ്ങളും ഇക്കാലത്ത് ഇസ്‌ലാം സ്വീകരിക്കാൻ മുന്നോട്ടുവന്നു. ഇസ്‌ലാമിന്റെ പ്രചാരണവും ഇസ്‌ലാമിക വിജ്ഞാനീയങ്ങളുടെ വികാസവും ഈ കാലഘട്ടത്തിലും തുടർന്നുകൊണ്ടിരുന്നു. മത-വിജ്ഞാന മേഖലകളിൽ ഇസ്‌ലാമിക ലോകത്ത് അബ്ബാസീ കാലഘട്ടം എണ്ണമറ്റ സംഭാവനകൾ നല്കുകയുണ്ടായി. തഫ്സീർ, ഹദീഥ്, ദൈവശാസ്ത്രം, കർമശാസ്ത്രം (ഫിഖ്ഹ്), ഇതര വിജ്ഞാന ശാഖകൾ എന്നിവയിൽ പ്രബലങ്ങളായ നിരവധി ഗ്രന്ഥങ്ങൾ ഇക്കാലത്ത് ക്രോഡീകരിക്കപ്പെടുകയോ രചിക്കപ്പെടുകയോ ചെയ്തു. ഇൽമുൽ കലാമിൽ സുന്നി-മുഅ്തസിലീ വിഭാഗങ്ങളും അവയുടെ അവാന്തര വിഭാഗങ്ങളും തമ്മിൽ ഉടലെടുത്ത വാദപ്രതിവാദങ്ങൾ ദീർഘകാലം തുടരുകയുണ്ടായി. ചിന്താരംഗത്തും തത്ത്വചിന്താമേഖലയിലും പല നൂതന പ്രവണതകളും ഇക്കാലത്തുടലെടുത്തു. അവയിൽ പലതും പരമ്പരാഗത ഇസ്‌ലാമിക ചിന്തക്കന്യമായിരുന്നു. ഇസ്‌ലാമിക ലോകം അറബി മേല്‍ക്കോയ്മയിൽനിന്നും ക്രമേണ പേർഷ്യൻ സ്വാധീനത്തിലേക്ക് നീങ്ങിയത് ഇക്കാലത്താണ്.

മുസ്‌ലിം ലോകത്ത് ഇസ്‌ലാമേതര ദർശനങ്ങൾക്കും ജൂത-ക്രൈസ്തവ മതങ്ങൾക്കും സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിരുന്നു. മറ്റ് മതസ്ഥർക്ക് അവരുടെ മതം ആചരിക്കാനും അതനുസരിച്ച് ജീവിക്കാനുമുള്ള സ്വാതന്ത്ര്യം ഒരിക്കലും തടയപ്പെട്ടിരുന്നില്ല.

രാജവാഴ്ചയും ഖിലാഫതും തമ്മിലുള്ള അന്തരം ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിനുള്ള പരിശ്രമങ്ങൾ മഹാൻമാരായ പണ്ഡിതന്മാർ ഇക്കാലഘട്ടത്തിൽ നടത്തിയിട്ടുണ്ട്. ഇമാം അബൂഹനീഫഃ ഉദാഹരണം. ദൈവശാസ്ത്ര സംവാദങ്ങളും സജീവമായിരുന്നു. അബ്ബാസീ ഭരണാധികാരികളിൽ ചിലരുടെ ഇഷ്ടവിഷയമായിരുന്നു ഇത്തരം സംവാദങ്ങൾ. ഖലീഫഃമാരുടെ താൽപര്യങ്ങൾക്ക് വിരുദ്ധമായ നിലപാടുകൾ സ്വീകരിച്ച പണ്ഡിതന്മാർക്ക് പീഡനങ്ങളേല്‍ക്കേണ്ടിവരികയുണ്ടായി. ഇമാം അഹ്‌മദുബ്നു ഹൻബൽ ഇതിനൊരുദാഹരണമാണ്.

ലോകത്തിലെ ഏറ്റവും പ്രചാരണക്ഷമമായ ആശയമത്രേ ഇസ്‌ലാമിന്റേത്. ആവിർഭാവം മുതൽ ഇന്നുവരെ അതിന്റെ വ്യാപനം അനുസ്യൂതമായി തുടർന്നുപോന്നിട്ടുണ്ട്. അക്രമികളായ ഭരണാധികാരികളുടെ കീഴിൽ പോലും ഇസ്‌ലാം പുതിയ അനുയായികളെ സൃഷ്ടിച്ചുകൊണ്ടിരുന്നത് ചരിത്രത്തിലെ വിസ്മയങ്ങളിൽ പെടുന്നു. ഇസ്‌ലാമിക ചരിത്രത്തിൽ അതിന് നിരവധി ഉദാഹരണങ്ങളുണ്ട്. മധ്യ-പൗരസ്ത്യ ദേശത്ത് പ്രാരംഭദശയിൽ തന്നെ വ്യാപിച്ച ഇസ്‌ലാം ഇന്നും പുതിയ പുതിയ അനുയായികളെ സൃഷ്ടിച്ചുകൊണ്ട് മുന്നേറുന്നത് കാണാം.

അബ്ബാസീ സാമ്രാജ്യം ഉമവികളുടെതിനോളം വിശാലമായിരുന്നില്ല. കാരണം, മുസ്‌ലിം സ്പെയ്നും മൊറോക്കോയും അബ്ബാസികളുടെ വരുതിയിൽനിന്ന് സ്വതന്ത്രമായിരുന്നു. അബ്ബാസീ ഭരണത്തിന്റെ അന്ത്യത്തിൽ തുർകികൾ കൂട്ടത്തോടെ ഇസ്‌ലാം സ്വീകരിച്ചു. അവരുടെ സ്വാധീനം പിന്നീട് അബ്ബാസീ ഭരണത്തിന്റെ പതനത്തിന് തന്നെ വഴിവെക്കുകയുണ്ടായി. അബ്ബാസികളുടെ പതനത്തെത്തുടർന്ന് രണ്ടു നൂറ്റാണ്ടുകാലം ഇസ്‌ലാമിക ലോകം ചെറിയ ചെറിയ ഭരണകൂടങ്ങളുടെ ആധിപത്യത്തിലായിരുന്നു. ഈ സന്ദർഭത്തിലും അദ്ഭുതകരമായ ആദർശമാറ്റങ്ങൾ നടന്നിരുന്നു. അബ്ബാസികളെ പരാജയപ്പെടുത്തിയ ചെങ്കിസ് ഖാന്റെ പിൻഗാമികൾ പിന്നീട് പരാജിതരുടെ മതം സ്വീകരിച്ച് ലോകചരിത്രത്തിൽ മുസ്‌ലിം ഭരണാധികാരികളായിട്ടാണ് അറിയപ്പെട്ടത്.

അബ്ബാസീ ഭരണത്തിന്റെ ഒടുവിൽ തുർകികൾ ഇസ്‌ലാമിലേക്കു കടന്നുവന്നു. ധീരരും രണോത്സുകരുമായിരുന്ന അവർ അബ്ബാസീ ഖലീഫഃ മുഅ്തസിമിന്റെ കാലത്ത് സൈന്യത്തിൽ സ്വാധീനം നേടി. ഒടുവിൽ മുതവക്കിലിന്റെ കാലത്ത് അവരുടെ ശക്തി വർധിക്കുകയും മുതവക്കിൽ വധിക്കപ്പെടുകയും ചെയ്തു. തുർകീ പട്ടാളക്കാരും സൈനിക മേധാവികളും മുഴുവൻ മുസ്‌ലിംകളായിരുന്നില്ല. മുസ്‌ലിംകളായവർക്ക് തന്നെ തുടക്കത്തിൽ വേണ്ട രീതിയിൽ ഇസ്‌ലാമിക ശിക്ഷണം ലഭിച്ചിരുന്നുമില്ല. ഇത്തരം ചില ന്യൂനതകൾ പ്രകടമായിരുന്നുവെങ്കിലും ഇസ്‌ലാമിക ലോകത്തിന്റെ താൽപര്യങ്ങൾക്ക് വംശീയ താൽപര്യങ്ങളെക്കാൾ പ്രാമുഖ്യം നല്കിയിരുന്നു തുർകികൾ.

വിവിധ വംശങ്ങളുടേതായി നിലനിന്ന മുസ്‌ലിം ഭരണത്തിന്റെ സുദീർഘമായ കാലയളവിൽ ഭരണം പലപ്പോഴും ശരിയായ പാതയിൽനിന്ന് അകന്നുപോയിരുന്നു. ജനങ്ങളുടെ ഇസ്‌ലാമിക വിശ്വാസത്തിനു തന്നെയും സാരമായ വ്യതിയാനങ്ങൾ വരുത്തിയ നിരവധി പ്രസ്ഥാനങ്ങളും ചിന്താധാരകളും ഉടലെടുത്തിരുന്നു. അതേസമയം വിജയികൾ പരാജിതരുടെ മതം സ്വീകരിച്ച വിസ്മയകരമായ സംഭവങ്ങൾക്കും ചരിത്രം സാക്ഷ്യം വഹിച്ചു. വ്യതിയാനങ്ങളുടേതായ സന്ദർഭങ്ങളിൽ സമൂഹത്തെ നേരെ നയിക്കാനും അവർക്ക് ശിക്ഷണം നല്കാനും നിരവധി പരിഷ്കർത്താക്കൾക്കും പണ്ഡിതന്മാർക്കും മധ്യപൗരസ്ത്യ ദേശം ജന്മം നല്കുകയുണ്ടായി.